(ബി) എസ്.എസ്.എൽ.സി. പരീക്ഷയുടെ പ്രാധാന്യം കണക്കിലെടുത്ത് പരീക്ഷാ സംബന്ധമായ കാര്യങ്ങളിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്.എസ്.എൽ.സി. പരീക്ഷയുടെ ഫലം പത്രങ്ങളിലൂടെയും പരീക്ഷാ സെന്ററുകളിലൂടെയും പ്രസിദ്ധീകരിച്ചത് മേയ് 27-ാം തീയതിയായിരുന്നു. എന്നാൽ റിസൽട്ടിന്റെ ഔദ്യോഗിക പ്രഖ്യാപനം 26-ാം തീയതി കാലത്ത് 8 മണിക്ക് നടത്തുകയുണ്ടായി.

(ബി) കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

എസ്.എസ്.എൽ.സി. മൂല്യനിർണ്ണയം

45 (828) ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി. ആർ. ലതാദേവി :
ശ്രീ. പി. നാരായണൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യനിർണ്ണയ രീതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ വിദ്യാലയത്തിൽ എത്ര പേർ ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതി; എത്ര പേർ വിജയിച്ചു;

(സി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് റാങ്ക് നിശ്ചയിക്കുന്ന നടപടിക്രമം വിശദമാക്കുമോ;

(ഡി) ആദ്യത്തെ 15 റാങ്കുകൾ കിട്ടുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ് വീണ്ടും മൂല്യനിർണ്ണയം നടത്തിയതിനുശേഷമാണോ റാങ്കുകൾ നിശ്ചയിക്കുന്നത്;

(ഇ) 1997-98 വർഷത്തിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ വീണ്ടും മൂല്യനിർണ്ണയം നടത്തിയപ്പോൾ റാങ്കുകൾ നിശ്ചയിച്ചതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) എസ്.എസ്.എൽ.സി. പരീക്ഷയിൽ കേന്ദ്രീകൃത മൂല്യനിർണ്ണയ രീതിയാണ് സ്വീകരിച്ചു വരുന്നത്. സംസ്ഥാനത്തെ നാലു സോണുകളായി തിരിച്ച് ഒരു പേപ്പറിന് ഒന്നു വീതം ഓരോ സോണിലും 12 എന്ന ക്രമത്തിൽ ഓരോ പേപ്പറിനും ആകെ 48 മൂല്യനിർണ്ണയ ക്യാമ്പുകളിലായി വിവിധ വിഷയങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നു. ഓരോ ക്യാമ്പിലും ഒരു ക്യാംപ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു ഡെപ്യൂട്ടി ക്യാമ്പ് ഓഫീസറും വേണ്ടത്ര അഡീഷണൽ ചീഫ് എക്സാമിനർമാരും അസി.എക്സാമിനർമാരും പരീക്ഷാ പേപ്പറിന്റെ മൂല്യനിർണ്ണയത്തിൽ ഏർപ്പെടുന്നു. ഒരു അസി.എക്സാമിനർ ഒരു ദിവസം 32 പേപ്പറുകൾ എന്ന കണക്കിൽ ഏകദേശം 500 ഓളം പേപ്പറുകൾ 16 ദിവസംകൊണ്ട് മൂല്യനിർണ്ണയം നടത്തുകയും അങ്ങനെ മൂല്യനിർണ്ണയം നട

LIBRARY ARCHIVES Kerala Legislative Assembly

ത്തുന്ന ഉത്തരകടലാസിന്റെ 20% ബന്ധപ്പെട്ട അഡീഷണൽ ചീഫ് എക്സാമിനർമാർ പുനർമൂല്യനിർണ്ണയം നടത്തുകയും ചെയ്യുന്നു. ഇതിനു പുറമേ 45 മാർക്കോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന എല്ലാ പേപ്പറുകളും അഡീഷണൽ ചീഫ് എക്സാമിനർമാർ പുനർമൂല്യനിർണ്ണയം നടത്തുകയും ചെയ്യുന്നു.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ആദ്യമൂല്യനിർണ്ണയത്തിൽ 15-ാമതു റാങ്കുവരെ ലഭിച്ച വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സുകൾ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നും ശേഖരിച്ച് വീണ്ടും കേന്ദ്രീകൃതമായി പുനർമൂല്യനിർണ്ണയം നടത്തുന്നു. ഇതിൽ ഓരോ പേപ്പറും രണ്ട് അഡീഷണൽ ചീഫ് എക്സാമിനർമാർ പുനർമൂല്യനിർണ്ണയം നടത്തി അവർ നൽകുന്ന മാർക്കിന്റെ ശരാശരി ആ വിഷയത്തിൽ ആ വിദ്യാർത്ഥിയുടെ മാർക്കായി നൽകി അവർക്ക് ആകെ ലഭിച്ച മാർക്കുകൾ അവരോഹണ ക്രമത്തിൽ വിന്യസിച്ച് റാങ്ക് നൽകിവരുന്നു.

(ഡി) ഏറ്റവും ഉയർന്ന മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സുകൾ വീണ്ടും മൂല്യനിർണ്ണയം നടത്തിയാണ് ആദ്യത്തെ 15 റാങ്കുകൾ വരെ ലഭിക്കുന്ന വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്.

(ഇ) ഉണ്ട്. തൃശ്ശൂർ ചെമ്പുകാവ് ഹോളിഫാമിലി സ്കൂളിലെ ഒരു വിദ്യാർത്ഥിനിയുടെ മാർക്കുകൾ കൂട്ടിയെഴുതിയപ്പോൾ പിശകുണ്ടാകുകയും ഈ പിശക് കണ്ടുപിടിച്ചയുടൻ തന്നെ ഈ വിദ്യാർത്ഥിനിയുടെ എല്ലാ ഉത്തരക്കടലാസ്സുകളും വീണ്ടും പുനർമൂല്യനിർണ്ണയം നടത്തുകയും പുനർമൂല്യനിർണ്ണയത്തിൽ 584 മാർക്കു ലഭിച്ച ഈ വിദ്യാർത്ഥിനിയ്ക്ക് 4-ാം റാങ്ക് നൽകുകയുണ്ടായി. ഈ വിവരം വിദ്യാർത്ഥിനിയേയും സ്കൂൾ അധികൃതരേയും അറിയിക്കുകയും ആയതിലേയ്ക്കുള്ള പത്രക്കുറിപ്പ് യഥാസമയം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ കുട്ടിയുടെ മാർക്ക് ടാബുലേറ്റ് ചെയ്ത ടാബുലേറ്റർമാർക്കെതിരെയും സൂപ്പർവൈസർക്കെതിരെയും അച്ചടക്ക നടപടിയും സ്വീകരിച്ചിട്ടുണ്ട്.

എസ്.എസ്.എൽ.സി. പരീക്ഷയിൽ ഗ്രേസ് മാർക്ക്

46 (829) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി പരീക്ഷയിൽ ഗ്രേസ് മാർക്ക് നല്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് എന്തെല്ലാം ഇനങ്ങളിലുള്ള പ്രാഗത്ഭ്യമാണ് ഉൾപ്പെടുത്തിയിരുന്നത്;

(ബി) പ്രസ്തുത ഇനത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എത്ര ഗ്രേസ്മാർക്കാണ് നൽകിയിരുന്നത്;

(സി) പാഠ്യേതര രംഗത്ത് പ്രാഗൽഭ്യത്തിന് അവാർഡുകൾ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് പുതിയ ഇനങ്ങളിൽ ഗ്രേസ് മാർക്ക് അനുവദിക്കുവാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly